Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

7.12.2021

All Kerala Press Release
*Ref: 824/KCBC/K-6/KPR/DS*

**സഭാംഗങ്ങളുടെ പ്രവർത്തനങ്ങൾ സഭയുടെ മുഖം പ്രകാശിതമാക്കുന്നതാകണം: കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി**

കൊച്ചി: സഭയിൽ എക്കാലത്തും സംവദനത്തിനും ചർച്ചകൾക്കും സാധ്യതകളും സാഹചര്യങ്ങളും വ്യവസ്ഥാപിത മാർഗങ്ങളും ഉണ്ടെന്നും സഭാംഗങ്ങളുടെ ഇടപെടലുകളും നിലപാടുകളും സഭയുടെ മുഖം പൊതുസമൂഹത്തിൽ പ്രകാശിതമാക്കുന്നതാകണമെന്നും കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെയും കേരളാ കാത്തലിക് കൗൺസിലിന്റെയും സംയുക്ത സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കെസിബിസി വൈസ് പ്രസിഡന്റ് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ, സെക്രട്ടറി ജനറൽ ബിഷപ് ജോസഫ് മാർ തോമസ് അനുഗ്രഹപ്രഭാഷണം നടത്തി. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി സ്വാഗതം ആശംസിച്ചു. കെസിസി സെക്രട്ടറി അഡ്വ. ജോജി ചിറയിൽ പതിനൊന്നാമത് വാർഷികയോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. 2023 ഒക്ടോബറിൽ റോമിൽ നടക്കുന്ന സിസഡിന്റെ മുഖ്യപ്രമേയമായ സഭയിലെ സിനഡാലിറ്റി എന്ന വിഷയം സംബന്ധിച്ച് റവ. ഡോ. ജേക്കബ് പ്രസാദ് ക്ലാസ് നയിച്ചു.

ഉച്ചകഴിഞ്ഞ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം കെസിസിയുടെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സെക്രട്ടറിയായി ശ്രീമതി ജെസ്സി ജെയിംസ് തെരഞ്ഞെടുക്കപ്പെട്ടു. തുടർദിവസങ്ങളിൽ നടക്കുന്ന കെസിബിസി സമ്മേളനം പരിഗണിക്കേണ്ട സഭാ, സാമുദായിക, സാമൂഹിക വിഷയങ്ങളെ സംബന്ധിച്ച് പൊതു ചർച്ചകൾ നടന്നു. നിയമപരിഷ്കരണകമ്മീഷൻ ശുപാർശചെയ്തിട്ടുള്ള വിവാഹ രജിസ്ട്രേഷൻ ബിൽ പിൻവലിക്കണമെന്നും റവന്യൂ ഭൂമികളും, ജനവാസകേന്ദ്രങ്ങളും ഒഴിവാക്കി കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം ഇറക്കണമെന്നും, പ്രമേയങ്ങളിലൂടെ കേരള സർക്കാരിനോട് ആവശ്യപ്പെട്ടു.

വിശ്വഹിന്ദ് പരിഷത്ത്, ബംജരഗ്ദൾ പ്രവർത്തകർ സാഗർ രൂപതയിലെ ഗഞ്ച് ബസോദ എം.എം.ബി. മിഷൻ സ്റ്റേഷനിലെ സെന്റ് ജോസഫ് സ്കൂളിൽ അതിക്രമിച്ചുകയറുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തതിൽ കേരള കാത്തലിക് കൗൺസിൽ അതിയായ ഉത്ക്കണ്ഠയും ഖേദവും രേഖപ്പെടുത്തി. കുറ്റക്കാർക്കെതിരേ ഉചിതമായ നടപടി എടുക്കാൻ സർക്കാർ തയ്യാറാകണമെന്നും സമിതി ആവശ്യപ്പെട്ടു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: കെസിബിസി-കെസിസി വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രസംഗിക്കുന്നു. ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ബിഷപ് ജോസഫ് മാർ തോമസ്, ബിഷപ് വർഗീസ് ചക്കാലക്കൽ, അഡ്വ. ജോജി ചിറയിൽ എന്നിവർ സമീപം

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424769, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P.B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com